# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1438

21.03.2012 ൽ മറുപടിക്ക്

## തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്കായി പെൻഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.സി.ജോസഫ്<br>ഗ്രാമ വികസനവും ആസൂത്രണവും<br>നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി |
| എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഒരു ദിവസത്തെ വേതനം എത്ര ; ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയെന്ന് വ്യക്തമാക്കുമോ ; | എ) അവിദഗ്ദ്ധ തൊഴിലാളികളുടെ ദിവസ വേതനം 150 രൂപയാണ്. ഇത് പൂർണ്ണമായും കേന്ദ്ര സർക്കാർ നല്കുന്നു. |
| ബി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ വേതനം പ്രതിദിനം 200 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | ബി) ഈ വിഷയം പരിഗണിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |

| | | | |
|---|---|---|---|
| (സി) | തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസം തൊഴിൽ ലഭിച്ച തൊഴിലാളി കുടുംബങ്ങൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജനാ പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് അർഹതയുണ്ട്. |
| (ഡി) | ഇവർക്ക് ഒരു പെൻഷൻ പദ്ധതി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | തൊഴിലുറപ്പ് നിയമത്തിൽ പെൻഷൻ പദ്ധതി പരാമർശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ